പുതിയ സ്റ്റീൽ ബോട്ടുകൾ

370 (T2200) ശ്രീ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന് ഏഴു പുതിയ സ്റ്റീൽ ബോട്ടുകൾകൂടി വാങ്ങുന്നതിനായി 2011-12-ലെ ബഡ്ജറ്റിൽ ഒൻപത് കോടിരൂപ വകയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത തുക ഉപയോഗിച്ച് വാങ്ങിയ എത്ര ബോട്ടുകൾ ഇപ്പോൾ ഗതാഗതം നടത്തുന്നുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) തുടർന്നുള്ള ബഡ്ജറ്റിൽ ഓരോന്നിലും പ്രസ്തുത ഇനത്തിൽ എത്ര തുക നീക്കിവച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2011-12-ലെ ബഡ്ജറ്റിൽ പുതിയ സ്റ്റീൽ ബോട്ടുകൾ വാങ്ങുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ ഒറിജിനൽ ഗ്രാന്റായി 5 കോടി രൂപയും സപ്ലിമെന്ററി ഗ്രാന്റായി 4 കോടി രൂപയും അനുവദിച്ചു.

(ബി) 7 ബോട്ടുകൾ വാങ്ങുകയും അവ ഗതാഗതം നടത്തിവരികയും ചെയ്യുന്നു. അതിനായി 2.98 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക വർക്ക്ഷോപ്പ് നിർമ്മാണം ഉൾപ്പെടെയുള്ള പദ്ധതി ശീർഷകത്തിലേക്ക് റിഅപ്രോപ്രിയേറ്റ് ചെയ്ത് പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

(സി) സ്റ്റീൽ ബോട്ടുകൾ വാങ്ങുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ നീക്കിവച്ച തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു:

വർഷം	നീക്കിവച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2012-13	200	179.95
2013-14	200	183.63
2014-15	320	73.70

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly